പ്രദേശങ്ങൾക്ക് വളരെയധികം പരിഗണന കൊടുത്തുകൊണ്ടുള്ള സ്കീം നടപ്പിലാക്കുകയാണ് ഗവൺമെൻറ്.

ശ്രീ. വി. കെ. രാജൻ : കൊടുങ്ങല്ലൂർ നാട്ടിക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന, നെതർലൻറ് സഹായത്തോടുകൂടിയുള്ള നാട്ടിക ഫർക്ക ശുദ്ധജല വിതരണ പദ്ധതിയുടെ പണി ആരംഭിച്ചിട്ട് വർഷങ്ങളായി. ഒരു പൈസ കേരള ഗവൺമെൻറ് ചെലവാക്കുന്നതല്ല. പൂർണ്ണമായി നെതർലൻറ് ഗവൺമെൻറ് കൊടുക്കുന്നതാണ്. അതിന്റെ പണി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : നാട്ടിക ഫർക്ക ശുദ്ധജല വിതരണ പദ്ധതി 1175 ലക്ഷം രൂപ മുതൽമുടക്കുള്ള ഒരു സ്കീമാണ്. ആ സ്കീം നമ്മളേറ്റെടുക്കും. അതിന്റെ പ്രാഥമിക നടപടികളും നടക്കുകയാണ്. അതിനെപ്പറ്റി ആശങ്ക വേണ്ട. തീർച്ചയായും ഗവൺമെൻറ് മുഖ്യമായ ഒരു പരിപാടിയായി അത് ഏറ്റെടുക്കുകയാണ്.

ശ്രീ. എ. കെ. പത്മനാഭൻ : പെരുവണ്ണാമൂഴി ശുദ്ധജല വിതരണ പദ്ധതി ത്വരിതപ്പെടുത്താൻവേണ്ടി പെരുവണ്ണാമൂഴിയിൽ വാട്ടർ അതോറിറ്റിയുടെ ഒരു ഓഫീസ് തുറക്കാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ?

ശ്രീ. കെ. എം. മാണി : അതു പരിശോധിക്കാം.

സ്കൂൾ സിലബസ് പുനഃരവലോകനം നടത്താൻ കമ്മിറ്റി

* 368. [395] ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
,, കെ.പി. രാമൻ :
,, പി. സീതി ഹാജി :
,, പി.വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സ്കൂൾ തലത്തിൽ നിലവിലുള്ള സിലബസും കരിക്കുലവും പുനഃരവലോകനം ചെയ്യുന്നതിനുള്ള പുതിയ കമ്മിറ്റി നിലവിൽ വന്നത് എന്നാണ് ;

(ബി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ് ;

(സി) കമ്മിറ്റിയുടെ കാലാവധി എത്ര കൊല്ലമാണ് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) :

(എ) 26-8-1986-ലെ ജി. ഒ. എം. എസ്. 146/85/പൊ.വി. പ്രകാരം സിലബസ്സും കരിക്കുലവും പുനഃരവലോകനം ചെയ്യുന്നതിനുള്ള പുതിയ കമ്മിറ്റി നിലവിൽവന്നു.

(ബി) 17 അംഗങ്ങളുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂന്ന് വർഷം.

ശ്രീ. കെ. പി. രാമൻ : ഈ പുതിയ പദ്ധതി നിലവിൽ വന്നതിനുശേഷം എത്ര മീറ്റിംഗ് ചേർന്നിട്ടുണ്ട് ? ആ കമ്മിറ്റിയുടെ ഭാഗത്തുനിന്നും പുതിയ വല്ല നിർദ്ദേശങ്ങളും ഉന്നയിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : പുതിയ കമ്മിറ്റി വന്നതിനുശേഷം എത്ര പ്രാവശ്യം കൂടിയിട്ടുണ്ടെന്ന് കൃത്യമായി എനിക്ക് അറിഞ്ഞുകൂടാ. ഇതൊരു സ്റ്റിയറിംഗ് കമ്മിറ്റിയാണ്. ഈ സ്റ്റിയറിംഗ് കമ്മിറ്റി കൂടി കരിക്കുലം പരിശോധിക്കുന്നതിനുവേണ്ടി മറ്റൊരു കമ്മിറ്റിയെ നിയോഗിക്കും. ആ കമ്മിറ്റിയുണ്ടാക്കുന്ന കരിക്കുലം അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും പൊതുജനങ്ങളുടേയും അറിവിനുവേണ്ടി സർക്കുലേറ്റ് ചെയ്യും. അവരിൽ നിന്ന് കിട്ടുന്ന മറുപടി കൂടി കണക്കിലെടുത്തുകൊണ്ട് അതിനുശേഷം അതിന്റെ ഡ്രാഫ്റ്റ് സ്റ്റിയറിംഗ് കമ്മിറ്റിക്ക് കൊടുക്കുകയും സ്റ്റിയറിംഗ് കമ്മിറ്റി അത് ഫൈനലൈസ് ചെയ്യുകയുമാണ് പതിവ്.

ശ്രീ. കെ. പി. രാമൻ : സിലബസും കരിക്കുലവും പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി ഭാഷകളായ അറബി, ഉറുദു, സംസ്കൃതം എന്നിവയുടെ പീരിയേഡുകൾ കുറയ്ക്കുന്നതിന് വല്ല ഉദ്ദേശവുമുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെ യാതൊരു ഉദ്ദേശവുമില്ല.

ശ്രീ. വി. സി. കബീർ : സിലബസും കരിക്കുലവും പുനരാവിഷ്കരിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇനിയും 2 കൊല്ലം കൂടി കഴിഞ്ഞേ അതിന്റെ റിപ്പോർട്ട് വരികയുള്ളൂ. കരിക്കുലവും സിലബസ്സും പുനരാവിഷ്കരിക്കുമ്പോഴും സ്വാതന്ത്ര്യ സമരത്തിന് സർക്കാർ ഊന്നൽ കൊടുക്കുകയും, ഭാവി തലമുറയ്ക്ക് നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ മൂല്യം മനസ്സിലാക്കുന്നതിനുവേണ്ടി ഊന്നൽ കൊടുത്തുകൊണ്ട് സിലബസ് തയ്യാറാക്കുകയും ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സിലബസും കരിക്കുലവും പുനരാവിഷ്കരിക്കുന്നതിന് 1982-ലാണ് ആദ്യം കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്. ആ കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1984 മുതൽ ഇവിടെ സിലബസ്സും കരിക്കുലവും പരിഷ്കരണം നടന്നുകൊണ്ടിരിക്കുകയാണ്. അത് വിവിധ സ്റ്റേജുകളിലാണ്. ഇന്നി ലാംഗ്വേജുകളാണ് പ്രധാനമായിട്ടും മാറാനുള്ളത്. പ്രൈമറി വിഭാഗത്തിലും സെക്കൻഡറിതലത്തിലും സ്വാതന്ത്ര്യ സമരത്തെ സംബന്ധിച്ച് ശരിയായ വിവരം കുട്ടികൾക്ക് ലഭിക്കത്തക്ക നിലയിലാണ് നമ്മുടെ സിലബസ് തയ്യാറാക്കിയിട്ടുള്ളത്.

ശ്രീ. വി. ജെ. തങ്കപ്പൻ : സിലബസും കരിക്കുലവും അവലോകനം ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള കമ്മിറ്റിയിൽ 17 ആളുകൾ ഉണ്ടെന്ന് പറഞ്ഞു. മൂന്ന് വർഷമാണ് കാലാവധി. ഈ 17 ആളുകളിൽ ഓരോ മതത്തിനും പ്രത്യേക പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഇത് വകുപ്പ് തിരിച്ചല്ല ചെയ്തിരിക്കുന്നത്. ഇതിനകത്ത് ഉൾപ്പെട്ടിരിക്കുന്ന ആളുകളെല്ലാം വിദ്യാഭ്യാസ പണ്ഡിതൻമാരാണ്. ഇതൊരു സ്റ്റിയറിംഗ് കമ്മിറ്റിയാണ്. ആ സ്റ്റിയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയാണ് കരിക്കുലത്തിനുവേണ്ടി മറ്റൊരു കമ്മിറ്റിയെ നിയോഗിക്കുന്നത്. ആ കമ്മിറ്റി തയ്യാറാക്കുന്ന കരിക്കുലം അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും ലഭിക്കത്തക്ക നിലയിൽ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് സ്കൂളിൽ അയയ്ക്കാറുണ്ട്. അവരിൽ നിന്നുള്ള അഭിപ്രായം കൂടി കേട്ടതിനുശേഷമാണ് ഇത് സ്റ്റിയറിംഗ് കമ്മിറ്റി ഫൈനലൈസ് ചെയ്യുന്നത്. അതിനുശേഷം സ്റ്റിയറിംഗ് കമ്മിറ്റി തന്നെ ഓരോ സബ്ജക്ടിനും വേണ്ടിയിട്ട് സിലബസ് കമ്മിറ്റികളും ഉണ്ടാക്കും. അങ്ങനെ ഇണ്ടാക്കുന്ന കമ്മിറ്റികളും തയ്യാറാക്കുന്ന റിപ്പോർട്ട് അദ്ധ്യാപകരും അദ്ധ്യാപകരുടെ അഡ്വൈസറി കമ്മിറ്റിയും പരിശോധിച്ചതിനുശേഷം വീണ്ടും സ്റ്റിയറിംഗ് കമ്മിറ്റിയിൽ വന്ന് അത് ഫൈനലൈസ് ചെയ്യും.

<u>ശ്രീ. കെ.പി.എ. മജീദ്</u> : അറബി, ഉറുദു ഭാഷാപഠനത്തിൽ ആവശ്യമായിട്ടുള്ള മാറ്റങ്ങളും പുനരവലോകനങ്ങളും നടത്തുന്നതിന് മേൽനോട്ടം വഹിക്കേണ്ട സ്പെഷ്യൽ ഓഫീസറുടെ തസ്തിക കുറെ മാസമായി ഒഴിഞ്ഞുകിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. ടി. എം. ജേക്കബ്</u> : അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. എസ്.ആർ. തങ്കരാജ്</u> : സിലബസ് പുനരവലോകനം ചെയ്യുന്നതിനുള്ള കമ്മിറ്റിയിൽ 17 അംഗങ്ങൾ ഉണ്ട് എന്ന് പറഞ്ഞു. അവരുടെ പേരുകൾ വെളിപ്പെടുത്താൻ തയ്യാറാകുമോ ?

<u>ശ്രീ. ടി. എം. ജേക്കബ്</u> : കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്:

1. വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ചെയർമാൻ)
2. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
3. ഡോക്ടർ എ. സുകുമാരൻ നായർ
4. ശ്രീ. ടി.കെ. അയ്യപ്പൻ
5. പ്രൊഫസർ ശങ്കരദാസൻ തമ്പി
6. ഡോക്ടർ മിസ് പുഷ്പിതാജോൺ
7. ഡോക്ടർ വേദമണി മാനുവൽ
8. ദേശീയ വിദ്യാഭ്യാസ ഗവേഷണ കൗൺസിൽ അംഗം
9. റവ. പി ടി. ചാണ്ടി
10. പ്രൊഫസർ സാമുവൽ മത്തായി
11. വിദ്യാഭ്യാസ വികസന കമ്മീഷണർ, ഡോ. വാലൻഡൈൻ.
12. ഡോക്ടർ എൻ. എ. കരീം
13. പ്രൊഫസർ വി.ആർ. പിള്ള
14. പ്രൊഫസർ എ. ശ്രീധര മേനോൻ
15. പ്രൊഫസർ ബാലകൃഷ്ണൻ നായർ
16. വിദ്യാഭ്യാസ ഡയറക്ടർ
17. അഡീഷണൽ വിദ്യാഭ്യാസ ഡയറക്ടർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : പുതിയ കരിക്കുലവും സിലബസും ഉണ്ടാക്കുന്നത് നമ്മുടെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ടാണോ ; അത് സംബന്ധിച്ച് എൻ.സി.ഇ.ആർ.ടി. പ്രത്യേകമായ ഗൈഡ്ലൈൻസ് ഉണ്ടായിക്കിയിട്ടുണ്ടോ; മറ്റ് സംസ്ഥാനങ്ങൾക്കും നമുക്കും ഒരുപോലെയുള്ള കരിക്കുലമാണോ എൻ.സി.ഇ.ആർ.ടി. നിർദ്ദേശിച്ചിട്ടുള്ളത്?

ശ്രീ. ടി. എം. ജേക്കബ് : എൻ. സി. ഇ. ആർ. ടി. യുടെ സഹായം സിലബസ്—കരിക്കുലം, പരിഷ്ക്കരണത്തിൽ എല്ലാ സ്റ്റേറ്റുകൾക്കും കിട്ടുന്നുണ്ട്. അവരുടെ സഹായം കൂടി ലഭ്യമാക്കിക്കൊണ്ടാണ് കേരളത്തിൽ കരിക്കുലവും സിലബസും പരിഷ്ക്കരിച്ചിട്ടുള്ളത്.

പൊതു മേഖലയിൽ നഴ്സറി സ്ക്കൂളുകൾ

*369. [396] ശ്രീ. പി. കുമാരൻ :
,, വി.കെ. രാജൻ :
,, കെ.പി. പ്രഭാകരൻ :
,, എം.കെ. കേശവൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു മേഖലയിൽ നഴ്സറി സ്ക്കൂളുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇല്ലെങ്കിൽ, പൊതുമേഖലയിൽ നഴ്സറി സ്ക്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഓരോ വിദ്യാഭ്യാസ ഉപജില്ലയിലും പ്രീപ്രൈമറി സ്ക്കൂളുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യത്തെ ഘട്ടമെന്ന നിലയിൽ 31 വിദ്യാഭ്യാസ ജില്ലകളിൽ പ്രീ പ്രൈമറി മോഡൽ സ്ക്കൂളുകൾ തുടങ്ങിയിട്ടുണ്ട്.

(സി) 'ബി' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. കെ. രാജൻ : നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ നഴ്സറി സ്ക്കൂളുകൾ, മന്ത്രിമാരുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന നഴ്സറി സ്ക്കൂളുകൾ അതിന്റെ ബ്രാഞ്ചുകളോടുകൂടി നഴ്സറി സ്ക്കൂളുകൾ ആരംഭിക്കുന്ന ഒരു ഘട്ടത്തിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടി എത്ര കാലം കൊണ്ട് പൂർത്തിയാക്കാൻ കഴിയും?

ശ്രീ. ടി. എം. ജേക്കബ് : എന്റെ ബന്ധുക്കൾക്ക് ആർക്കും പ്രീ പ്രൈമറി സ്ക്കൂളുകളൊന്നുമില്ല. ഞാൻ അത് നിഷേധിക്കുകയാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly